**പതിനാലാം കേരളനിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : T2176** **18.07.2016 ലെ മറുപടിയ്ക്ക്**

**സർവ്വീസിലുള്ള അദ്ധ്യാപർക്ക് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിന്റെ മാതൃകയിൽ പരീക്ഷ നടത്തുന്നതിന നടപടി**

| **ചോദ്യം**<br>ശ്രീ.സി. മമ്മുട്ടി | **ഉത്തരം**<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
|---|---|
| (എ) അദ്ധ്യാപർക്കുവേണ്ടി നടത്തുന്ന ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ്, കേരള (കെ ടെറ്റ്)- ൽ ഭൂരിപക്ഷം പരീക്ഷാർത്ഥികളും പരാജയപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) 2009 ലെ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം NCTE യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി SCERT കേരള തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള സിലബസ് അനുസരിച്ചാണ് എൽ.പി./യു.പി./ ഹൈസ്കൂൾ അദ്ധ്യാപകരായി നിയമിതരാകേണ്ട അദ്ധ്യാപകരുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിനായുള്ള പരീക്ഷയായ K-TET –ന്റെ ചോദ്യങ്ങൾ തയ്യാറാക്കുന്നത്. ഇത്തരത്തിൽ തയ്യാറാക്കുന്ന ചോദ്യങ്ങൾ അദ്ധ്യാപനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്ന വിധത്തിൽ ഉയർന്ന നിലവാരത്തിലുള്ളതിനാലാണ് വിജയ ശതമാനത്തിൽ കുറവ് അനുഭവപ്പെടുന്നത്. |
| (ബി) പരീക്ഷാ നടത്തിപ്പിലെ ഘടനാപരമായ അപാകതകളും, ചോദ്യം തയ്യാറാക്കുന്നതിലെ പോരായ്മകളും ആണ് പ്രസ്തുത അവസ്ഥയ്ക്ക് കാരണം എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) 2010 മുതൽ ഓരോ വർഷവും എത്രപേർ പരീക്ഷ എഴുതിയെന്നും എത്രപേർ വിജയിച്ചു എന്നതിന്റെയും കണക്ക് വെളിപ്പെടുത്തുമോ; | (സി) 2012 മുതലാണ് കെ-ടെറ്റ് പരീക്ഷ ആരംഭിച്ചത്. 2012 ൽ മൂന്ന് കാറ്റഗറികളിലാണ് (കാറ്റഗറി- I എൽ.പി. വിഭാഗം, കാറ്റഗറി - II യു.പി.വിഭാഗം. കാറ്റഗറി - III എച്ച്.എസ് വിഭാഗം) പരീക്ഷ നടന്നത്. 2013 മുതൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് വേണ്ടി കാറ്റഗറി IV എന്ന |

..................(2)

പേരിലും പരീക്ഷ ആരംഭിച്ചിട്ടുണ്ട്. 2012 മുതൽ പരീക്ഷ എഴുതിയ പരീക്ഷാർത്ഥികളുടെ എണ്ണവും വിജയിച്ചവരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| വർഷം | കാറ്റഗറി I | |
|---|---|---|
| | എഴുതിയവർ | വിജയിച്ചവർ |
| 2012 | 41610 | 3946 |
| 2013 | 26425 | 2347 |
| 2014 | 14971 | 1714 |
| 2015 | 6808 | 315 |

| വർഷം | കാറ്റഗറി II | |
|---|---|---|
| | എഴുതിയവർ | വിജയിച്ചവർ |
| 2012 | 58375 | 2447 |
| 2013 | 21617 | 1940 |
| 2014 | 10597 | 1326 |
| 2015 | 5059 | 910 |

| വർഷം | കാറ്റഗറി III | |
|---|---|---|
| | എഴുതിയവർ | വിജയിച്ചവർ |
| 2012 | 50662 | 1607 |
| 2013 | 31430 | 3375 |
| 2014 | 15581 | 1199 |
| 2015 | 7169 | 1109 |

| വർഷം | കാറ്റഗറി IV | |
|---|---|---|
| | എഴുതിയവർ | വിജയിച്ചവർ |
| 2012 | -- | – |
| 2013 | 4571 | 455 |
| 2014 | 2781 | 392 |
| 2015 | 1242 | 70 |

.....................(3)

| | | |
|---|---|---|
| (ഡി) | സർവ്വീസിലുള്ള അദ്ധ്യാപകർക്ക് ഡിപ്പാർട്ട് മെന്റൽ ടെസ്റ്റിന്റെ മാതൃകയിൽ ആറുമാസത്തിലൊരിക്കൽ പ്രസ്തുത പരീക്ഷ നടത്തുന്നതിനു നിർദ്ദേശം നൽകുമോ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ